TCPCTP/1922/2021-A1

I/75661/2022

Registered with A/D
"ഭരണഭാഷ - മാതൃഭാഷ"

## മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം :- ജീവനക്കാര്യം – എറണാകുളം മേഖലാ കാര്യാലയത്തിലെ ഒന്നാംതരം ഡ്രാഫ്റ്റ്സ്മാൻ/ടൗൺപ്ലാനിംഗ് സർവ്വേയർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ മരണപ്പെട്ട ശ്രീ. യു. എസ് ശശിധരന്റെ മകൾ കുമാരി ശ്വേത എസ് – ന് ആശ്രിത നിയമന തൊഴിൽ ദാന പദ്ധതി പ്രകാരം രണ്ടാം തരം ഡ്രാഫ്റ്റ്സ്മാൻ/ടൗൺപ്ലാനിംഗ് സർവ്വേയർ ആയി നിയമനം നൽകി ഉത്തരവാകുന്നു.

സൂചന:-(1) എറണാകുളം സീനിയർ ടൗൺ പ്ലാനറുടെ 06/09/2021 ലെ TCPEKM/713/2021 – A നമ്പർ കത്ത്.
(2) ഈ കാര്യാലയത്തിൽ നിന്നുള്ള 05/12/2021 തീയതിയിലെ ഇതേ നമ്പർ കത്ത്.
(3) സർക്കാരിന്റെ 11/08/2022 ലെ സ.ഉ(കൈ)നം.184/2022 /തസ്വഭവ നമ്പർ ഉത്തരവ്

എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ

നമ്പർ. TCPCTP/1922/2021-A1 തീയതി. 18-11-2022

## ഉത്തരവ്

എറണാകുളം മേഖല നഗരാസൂത്രണ കാര്യാലയത്തിൽ ഒന്നാം തരം ഡ്രാഫ്റ്റ്സ്മാൻ/ടൗൺപ്ലാനിംഗ് സർവ്വേയർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവേ 26/01/2018 - ൽ മരണപ്പെട്ട യു. എസ് ശശിധരൻ - ന്റെ മകൾ കുമാരി ശ്വേത. എസ് ന് പരാമർശം (3) ലെ ഉത്തരവ് പ്രകാരം ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II / ടൗൺപ്ലാനിംഗ് സർവ്വേയർ ഗ്രേഡ് II ആയി എറണാകുളം ജില്ലയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. പരാമർശം (2) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കുമാരി ശ്വേത. എസ് (ഉദയമ്പത്തറ ഹൗസ്, ഉദയംപേരൂർ പി.ഒ. മനസ്സൽ റോഡ്, എറണാകുളം, 682307) ന് ഈ വകുപ്പിന് കീഴിലുള്ള എറണാകുളം ജില്ല നഗരാസൂത്രണ കാര്യാലയത്തിൽ 37400 – 79000/- എന്ന ശമ്പള സ്കെയിലിൽ ആശ്രിത നിയമന തൊഴിൽ ദാന പദ്ധതി പ്രകാരം രണ്ടാംതരം ഡ്രാഫ്റ്റ്സ്മാൻ/ടൗൺപ്ലാനിംഗ് സർവ്വേയറായി നിയമിച്ച് ഉത്തരവാകുന്നു.

കുമാരി ശ്വേത എസ് എറണാകുളം ജില്ലാ സീനിയർ ടൗൺപ്ലാനർ മുമ്പാകെ ജോലിക്ക്

ഹാജരാകേണ്ടതാണ്. ജോലിയ്ക്ക് ഹാജരാകുന്ന സമയത്ത് വയസ്സ്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അസ്സൽ, രണ്ട് ഗസറ്റഡ് ഉദ്യോഗസ്ഥരിൽ നിന്നുള്ള സ്വഭാവ സർട്ടിഫിക്കറ്റ്, അസിസ്റ്റന്റ് സർജനിൽ കുറയാത്ത റാങ്കുള്ള മെഡിക്കൽ ഓഫീസറിൽ നിന്നുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഏതെങ്കിലും സർക്കാർ അംഗീകൃത ഫോട്ടോയോടു കൂടിയ തിരിച്ചറിയൽ രേഖകളുടെ അസ്സൽ എന്നിവ ഹാജരാക്കേണ്ടതും കൂടാതെ ഉത്തരവിനൊപ്പം നൽകിയിട്ടുള്ള പ്രൊഫോർമ പൂരിപ്പിച്ച് നൽകേണ്ടതുമാണ്.

ഉള്ളടക്കം:- പ്രൊഫോർമ

Signed by
Pramod Kumar C.p
Date: 18-11-2022 13:15:53

പ്രമോദ് കുമാർ സി.പി
ചീഫ് ടൗൺപ്ലാനർ

<u>സ്വീകർത്താവ്:-</u>

കുമാരി ശ്വേത. എസ്
ഉദയമ്പത്തറ ഹൗസ്,
ഉദയം പേരൂർ പി.ഒ
മനയ്ക്കൽ റോഡ്,
എറണാകുളം – 682307

<u>പകർപ്പ്</u>

1. പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
2. സീനിയർ ടൗൺപ്ലാനർ, എറണാകുളം(സർക്കാർ ഉത്തരവിന്റെ പകർപ്പ് സഹിതം)
3. സി.എ മുഖേന മുഖ്യ നഗരാസൂത്രകൻ
4. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
5. വെബ്സൈറ്റ്
6. കരുതൽ ഫയൽ
7. അധികം